അന്നുമല ആദിവാസി കോളനി ഐ.ടി.ഡി.പി. ഫണ്ട് ഉപയോഗിച്ച് വൈദ്യുതീകരിക്കുന്നതിനുള്ള പ്രവർത്തികൾ പുരോഗമിക്കുന്നു. വിവിധ കേന്ദ്ര, സംസ്ഥാന പദ്ധതികളിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുവരുന്നത്.

ഹൈഡൽ ടൂറിസം

22(2060) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പെരിങ്ങൽകുത്തിലും ഷോളയാറിലും ഹൈഡൽ ടൂറിസത്തിന്റെ വികസനത്തിനായി കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ഇവിടങ്ങളിലെ കെ.എസ്.ഇ.ബി. വക ക്വാർട്ടേഴ്സുകൾ നവീകരിച്ച് ടൂറിസ്റ്റുകൾക്ക് താമസ സൗകര്യത്തിന് പ്രയോജന പ്പെടുത്തുന്നതിനും റോഡുകൾ നവീകരിക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

പെരിങ്ങൽകുത്തിലെയും ഷോളയാറിലെയും കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നിലവിലുള്ള സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി ടൂറിസ്റ്റുകൾക്ക് ഉപകാരപ്രദമായി തീരുന്ന വിധത്തിൽ ടൂറിസം പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു.

സൗജന്യ വൈദ്യുതീകരണം

23(2061) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്നവരുടെ വീടുകൾ സൗജന്യമായി വൈദ്യുതീകരണം നടത്തുന്നതിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ;

(ബി) ഈ പദ്ധതിയുടെ പേര്, സൗജന്യ വൈദ്യുതീകരണം ലഭിക്കാനുള്ള മറ്റ് മാനദണ്ഡങ്ങൾ എന്നിവ സംബന്ധിച്ച വിശദാംശം നൽകാമോ;

(സി) ഇടുക്കി ജില്ലയിൽ നിന്നും എത്ര അപേക്ഷകർക്ക് ഈ പദ്ധതിയിൽ സൗജന്യ വൈദ്യുതീകരണം നടത്തി നൽകിയെന്ന് അറിയിക്കുമോ;

(ഡി) ഈ പദ്ധതി പ്രകാരം അർഹതപ്പെട്ടവർ സൗജന്യ വൈദ്യുതീകരണത്തിനായി ഏത് ഓഫീസിലാണ് അപേക്ഷ നൽകേണ്ടതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്; കേന്ദ്രാവിഷ്കൃത പദ്ധതിയായ ദീനദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന (ഡി.ഡി.യു.ജി.ജെ.വൈ.) നിലവിലുണ്ട്. ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവരായിരിക്കണം എന്നുള്ളതാണ് സൗജന്യ വൈദ്യുതീകരണം ലഭിക്കാനുള്ള മാനദണ്ഡം.

LIBRARY ARCHIVES Kerala Legislative Assembly